## കത്തുകൾ




# അന്ധവിശ്വാസങ്ങൾ മാർക്കറ്റ് ചെയ്യുന്ന 'ആരോഗ്യം സ്പെഷ്യൽ'

**രവി** ശങ്കറിന്റെ ആർട്ട് ഓഫ് ലിവിംഗ്, സ്വാമി രാംദേവിന്റെ ചികിത്സാ വിപ്ലവം, ധ്യാന കേന്ദ്രങ്ങളിലെ രോഗശാന്തി, പാണക്കാട് തങ്ങളുടെ ചികിത്സപ്പെരുമ.... എന്നിങ്ങനെ പോകുന്നു *മനോരമ* ആരോഗ്യം സ്പെഷ്യലിലെ (2007 ഡിസംബർ) 'ആരോഗ്യ' വിഭവങ്ങൾ. മാനസിക പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും എണ്ണയും വെള്ളവും വിധിക്കുന്ന ബീമാ പള്ളി, നേർച്ചയും പ്രാർഥനയും മരുന്നാകുന്ന കടുവയിൽ പള്ളി, മാറാ മനോരോഗങ്ങൾക്ക് ഏർവാടി... ഈ കേന്ദ്രങ്ങളിലൂടെ തുടങ്ങി കരപ്പൻ മാറാൻ 'കരസ്പർശവും', അരിമ്പാറ മാറുന്നതിന് 'വറുത്ത അരിയും കുരുമുളകും' നേർച്ചനേരാൻ മണർക്കാട് പള്ളിയിലേക്ക് കോട്ടയത്തുനിന്ന് എത്തിച്ചേരാനുള്ള 'റൂട്ട് മാപ്പ്' വരെ 'ആരോഗ്യം സ്പെഷ്യലി'ൽ ഉണ്ട്. കപട ആത്മീയതയെ മാധ്യമങ്ങൾ എങ്ങനെ മാർക്കറ്റ് ചെയ്യുന്നുവെന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് അതിന്റെ മുഖചിത്രം.

മേമ്പൊടിക്ക് ചില വിമർശനങ്ങൾ ചേർത്തതൊഴിച്ചാൽ ചൂഷണ നേർച്ചാ വഴിപാട് കേന്ദ്രങ്ങളുടെ അത്ഭുതം കൂറുന്ന കഥകളും ചരിത്രങ്ങളും കുത്തിനിറച്ച് ആത്മീയതയുടെ മൊത്ത കച്ചവടക്കാരുടെ കുറിപ്പടി ഘോഷയാത്രയാണ് പേജുകൾ നിറയെ.

ആർട്ട് ഓഫ് ലിവിംഗിൽ ശ്വസന വ്യായാമത്തിന് ശേഷമുള്ള സുദർശനക്രിയ കഴിഞ്ഞാൽ ആൺ പെൺ ഭേദമില്ലാതെ പരസ്പരം ചേർന്ന് എല്ലാം മറന്ന് ഒന്നാകുന്ന നൃത്തമാണ്. പക്ഷേ രവിശങ്കർ ഇതിനെ പറ്റി ഒരക്ഷരം തന്റെ അഭിമുഖത്തിൽ ഉരിയാടുന്നില്ല. ചിലപ്പോൾ 'ബോധപൂർവം മറന്നു'പോയതാവാം. പുറത്ത് പറയാതെ, 'രാഷ്ട്രീയം വൻ പാപമാണെന്ന പാഠം' ജീവനകലയിലൂടെ 'ശിഷ്യഗണങ്ങളെ' മാത്രം പഠിപ്പിക്കുന്നു. രാഷ്ട്രീയ-മുതലാളിത്ത മാഫിയ കൂട്ടുകക്ഷിബന്ധം സമർഥമായി വരികളിലൊളിപ്പിക്കുന്നു. തനി സെക്യുലറായി ചമയാനുള്ള രവിശങ്കറിന്റെ 'അതിജീവന സാമർഥ്യ'വും അഭിമുഖത്തിൽ വായിച്ചെടുക്കാം.

"ഹിന്ദുമതവുമായി യോഗക്ക് ബന്ധമുണ്ടെന്ന് തോന്നാമെങ്കിലും ജീവനകല തികച്ചും മതനിരപേക്ഷമാണെന്ന് ചോദ്യത്തിനുത്തരമായി ശ്രീ ശ്രീ രവിശങ്കർ പറഞ്ഞു. ഏതു ജാതി-മത രാജ്യത്തിൽപെട്ടവർക്കും അനുയോജ്യമായാണ് ജീവനകലക്ക് രൂപം കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് പാകിസ്താൻ പോലുള്ള രാജ്യങ്ങളിൽ പോലും ജീവനകലക്ക് ആരാധകരുണ്ടായതെന്നും ചൂണ്ടിക്കാട്ടി."

'ചാനൽ ഗുരു' രാംദേവിന്റെ ചികിത്സാ വിപ്ലവത്തിൽ കാൻസറും എയ്ഡ്സും മാറ്റാൻ വരെ മാർഗങ്ങളുണ്ടത്രെ. 'ഇന്നത്തെ മിക്ക ജീവിതശൈലീ രോഗങ്ങളും കപാലഭാതിയും അനുലോമ വിലോമപ്രണായാമവും ചെയ്താൽ മാറ്റാം' എന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം.

മകൻ അമേരിക്കയിൽ നട്ടെല്ല് തകർന്ന തറിഞ്ഞപ്പോൾ രണ്ടു ബൈപാസ് കഴിഞ്ഞ വ്യവസായിയായ സുന്ദരശേഖർ തകർന്നു പോയങ്കിലും അമ്മയിലുള്ള വിശ്വാസം അദ്ദേഹത്തെ തുണച്ചുവെന്നും, അതുകൊണ്ട് വീൽ ചെയറിന്റെ സഹായമില്ലാതെ തന്നെ ഇപ്പോൾ മകന് നടക്കാമെന്നുമാണ് അദ്ദേഹം പറയുന്നത്. അമേരിക്ക+ വ്യവസായം= അമ്മ എന്ന സൂത്രവാക്യം എത്ര ഭംഗിയായി സന്നിവേശിപ്പിക്കുന്നു!

കോഴിക്കോട് സ്വദേശിയായ കെ.പി രാമചന്ദ്രൻ സത്യസായി ബാബയുടെ 'അനുഗ്രഹ വഴിയെക്കുറിച്ച്' പറയുന്നത്, 'ഡോക്ടർമാരെല്ലാം കൈയൊഴിഞ്ഞ സോറിയാസിസ് രോഗം മൂർഛിച്ചപ്പോൾ ബാബ അടുത്തുവന്നു ധൈര്യം പകരുന്നതായി തോന്നി. പിന്നീട് വേഗം രോഗം മാറാൻ തുടങ്ങി' എന്നാണ്.

'കുഷ്ഠരോഗികൾക്കു സൗഖ്യവും അന്ധന് കാഴ്ചയും നൽകിയ യേശുവിലുള്ള വിശ്വാസം ധ്യാനകേന്ദ്രങ്ങളിൽ അത്ഭുതം സൃഷ്ടിക്കുന്നു' എന്നാണ് 'ലൂർദിലെ ദിവ്യാത്ഭുതം സത്യമോ മിഥ്യയോ' എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ച് ജോർജ് പുളിക്കൽ അവകാശപ്പെടുന്നത്.

മഹേഷ് ഗുപ്തന്റെ ലേഖനത്തിൽ 'പാണക്കാട്ടെ ചികിത്സാ മികവിനെ'ക്കുറിച്ചൊരു കഥയുണ്ട്. കഥയല്ല, ചരിത്രം. ഹുസൈൻ ആറ്റക്കോയ തങ്ങൾ പ്രാർഥിച്ചു നൽകിയ ഉറുക്കുകെട്ടി ബ്രിട്ടീഷ് പട്ടാളത്തെ നേരിടാൻ ധീരയുവാക്കൾ പോയത്രെ. സമരസേനാനികളുടെ അസാമാന്യമായ മനക്കരുത്തിന്റെ പിന്നിലെ കാരണമന്വേഷിച്ച് ബ്രിട്ടീഷ് സൈന്യം അമ്പരന്നു പോയി പോലും! ഹുസൈൻ തങ്ങളുടെ ഉറുക്കു ദേഹത്ത് കെട്ടിയാൽ വെടി പോലും ഏൽക്കില്ലെന്നായിരുന്നു ധീരയുവാക്കളുടെ ആത്മധൈര്യം!! ഇറാഖിലേക്കും ഫലസ്തീനിലേക്കും ഇത്തരം ഉറുക്കുകൾ കയറ്റുമതി ചെയ്താൽ മതിയാവില്ലേ? ഏതായാലും പേര് അസ്സലായി- 'ആരോഗ്യം സ്പെഷ്യൽ!'

**സൽമ ഇസ്ഹാഖ് ആയഞ്ചേരി**

# തൗഹീദ് ലക്ഷ്യംതന്നെ

*പ്രബോധനം* വാല്യം 64, ലക്കം 26-ൽ ജമാൽ കടന്നപ്പള്ളി എഴുതിയ 'തൗഹീദ് ശക്തമാക്കുക' എന്ന ലേഖനത്തിലെ 'തൗഹീദ് സ്വയം ലക്ഷ്യമല്ല, പ്രത്യുത മറ്റൊരു ലക്ഷ്യത്തിലേക്കുള്ള ഉപകരണമത്രെ' എന്ന പരാമർശം അപക്വവും തെറ്റിദ്ധാരണാജനകവുമാണ്. സംസ്കരണമാണ് ലക്ഷ്യമെന്നും തുടർന്നു പറയുന്നുണ്ട്. മനുഷ്യനെ സംസ്കരിക്കുക എന്ന ലക്ഷ്യം പ്രാപിക്കാൻ ആവിഷ്കരിക്കപ്പെട്ട ഒരു ഉപകരണമാണ് 'തൗഹീദ്' എന്നാണല്ലോ ഇതിന്റെ മറ്റൊരു ഭാഷ്യം. ഈ ലോകത്ത് ആഗതരായ സകല പ്രവാചകന്മാരും പറഞ്ഞതിൽവെച്ച് ഏറ്റം വിശിഷ്ടമായ വചനം -തത്ത്വം- *ലാ ഇലാഹ ഇല്ലല്ലാഹ്* ആണ്. 'ജിന്നു ജാതിയെയും മനുഷ്യജാതിയെയും അല്ലാഹു സൃഷ്ടിച്ചത് അവന് ഇബാദത്ത് ചെയ്യാൻ മാത്രമാകുന്നു' എന്നു തുടങ്ങി നിരവധി നബിവചനങ്ങളോടും ഖുർആൻ വാക്യങ്ങളോടും ഇണങ്ങുന്നതല്ല ഈ ആശയം.

തൗഹീദ് പരമസത്യമാണ്. പരമസത്യം തന്നെയാണ് പരമലക്ഷ്യവും. അത് മറ്റൊരു ലക്ഷ്യത്തിന്റെ ഉപലക്ഷ്യമോ മാർഗമോ ആവുകയില്ല. പ്രപഞ്ചത്തിൽ മനുഷ്യൻ എന്നൊരു സൃഷ്ടി ഉണ്ടായില്ലെങ്കിൽ പോലും അഭംഗുരം നിലനിൽക്കുന്നതാണ് തൗഹീദ്. തൗഹീദ് എന്ന ലക്ഷ്യത്തിലെത്തിച്ചേരുകയാണ് മനുഷ്യന്റെ ലക്ഷ്യം. അതാണ് ഉപരിസൂചിത ഖുർആൻ സൂക്തത്തിന്റെ താൽപര്യം. ആ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗമാണ് സംസ്കരണം. സംസ്കരണത്തിനുള്ള ഉപകരണമാണ് തൗഹീദ് എന്നു പറയുന്നത് മക്കയിലേക്കുള്ള യാത്രയുടെ ഉപകരണമാണ് ഹജ്ജ് എന്നു പറയുന്നതു പോലെയാണ്.

തൗഹീദ് എന്ന പരമസത്യത്തെ മനസാ വാചാ കർമണാ സാക്ഷാത്കരിക്കാനുള്ള യത്നമാണ് സംസ്കരണം, തഖ്വ എന്നൊക്കെ പറയുന്നത്. ഒരുവൻ തൗഹീദിനെ എത്രത്തോളം സാക്ഷാത്കരിക്കുന്നുവോ അത്രത്തോളം സംസ്കൃതനും തഖ്വയുള്ളവനുമാകുന്നു. പരമലക്ഷ്യം അല്ലാഹു-തൗഹീദ്-തന്നെ. 'അല്ലാഹുവിന്റെ കൽപനകൾ നടപ്പിലാക്കലും അവന്റെ വിലക്കുകൾ വർജിക്കലും' എന്നാണല്ലോ തഖ്വയുടെ നിർവചനം.

**ദാനിഷ് അബ്ദുല്ല പൊന്നാനി**

# പതിറ്റാണ്ടുകളായി തുടരുന്ന അനീതി

**ബാൽഫർ** പ്രഖ്യാപനത്തെക്കുറിച്ചു വന്ന മുഖക്കുറിപ്പ് (ഡിസം. 1) വായിച്ചു. ക്രിസ്തുവർഷം 1917 നവംബർ 2-ന് അന്നത്തെ ബ്രിട്ടീഷ് വിദേശകാര്യ മന്ത്രി ബാൽഫർ അന്നത്തെ ഏറ്റവും വലിയ പണക്കാരിലൊരുവനും വൻ വാണിജ്യ വ്യവസായ ആയുധ നിർമാണ ശൃംഖലയിലെ ശക്തനും ജൂതനുമായിരുന്ന റോസ്ത് ചൈൽഡിനു രഹസ്യമായി എഴുതിയ കത്താണ് ഈ 'പ്രഖ്യാപനം'. 'ജൂത സയണിസ്റ്റ് ലക്ഷ്യങ്ങൾക്കു വേണ്ടി താഴെ പറയുന്ന പ്രഖ്യാപനം' എന്നു തുടങ്ങുന്ന കത്തിൽ 'ഫലസ്ത്വീനിൽ ജൂതന്മാർക്ക് ഒരു ദേശീയ ഗൃഹം സ്ഥാപിക്കുന്നതിനെ' ബ്രിട്ടീഷ് ഗവൺമെന്റ് അനുകൂലിക്കുന്നുവെന്നും അതിനായി പ്രവർത്തിക്കുമെന്നും പറയുന്നു. ഒന്നാം ലോക യുദ്ധം നടക്കുന്ന കാലമായിരുന്നു അത്. യുദ്ധാനന്തരം 1918-ൽ മാത്രമാണ് കത്ത് പുറത്തായത്.

ഈ കത്ത് ഒരു വൻ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. ഈ കത്തിന് മുമ്പുതന്നെ 1916 മെയ് മാസത്തിൽ ബ്രിട്ടനുവേണ്ടി മാർക്ക് സൈക്സും ഫ്രാൻസിനുവേണ്ടി പിക്കോയും ഒപ്പ് വെച്ച ഒരു രഹസ്യ കരാറിൽ യുദ്ധശേഷം ഇന്നത്തെ സുഊദി അറേബ്യ ഒഴിച്ചുള്ള അറബ് പ്രദേശങ്ങൾ ഓഹരി വെച്ചെടുക്കാൻ ധാരണയായിരുന്നു. റഷ്യയുടെ അറിവോടെ നടന്ന ഈ രഹസ്യക്കരാർ റഷ്യൻ വിപ്ലവത്തിനു ശേഷം പുറത്തായി.

ഈ സമയത്തുതന്നെ 1915 മുതൽ 1916 വരെ മക്കാ ഗവർണറായിരുന്ന ശരീഫ് ഹുസൈനും കയ്റോവിലെ ബ്രിട്ടീഷ് അംബാസഡറായിരുന്ന മക്ക് മഹോനും മറ്റൊരു ഗൂഢാലോചനയിലായിരുന്നു. ഹുസൈന്റെ നേതൃത്വത്തിൽ അറബികൾ തുർക്കിക്കെതിരെ ബ്രിട്ടനെ സഹായിക്കാമെന്നും പകരം തന്നെയും മക്കളെയും അറബ്പ്രദേശങ്ങളുടെ അധിപന്മാരാക്കാമെന്നും ധാരണയായി.

ഹുസൈനും അറബികളും ബ്രിട്ടന്റെ കൂടെ തുർക്കിക്കെതിരെ യുദ്ധം ചെയ്തു. ജർമനിയിൽ ജൂതന്മാരുടെ സഹായത്തോടെ പട്ടാളം അട്ടിമറി നടത്തി ചക്രവർത്തി കൈസർ വിൽഹെൽമിനെ പുറത്താക്കി. ജർമനിയും തുർക്കിയും ഒന്നാം ലോകയുദ്ധത്തിൽ തോറ്റു കീഴടങ്ങി. ഇന്നത്തെ ഇറാഖും ജോർദാനും ഉൾക്കൊള്ളുന്ന പ്രദേശം ബ്രിട്ടൻ ഏറ്റെടുത്തു. അവിടെ ഹുസൈന്റെ മക്കളെ വാഴിച്ചു. അതിനിടെ ഹുസൈനെ അറബികൾ തന്നെ പുറത്താക്കിയിരുന്നു. ഇന്നത്തെ സുഊദി അറേബ്യൻ പ്രദേശം സുഊദികൾക്ക് നൽകി. സിറിയയും ലബനാനും ഉൾക്കൊള്ളുന്ന പ്രദേശം ഫ്രാൻസ് ഏറ്റെടുത്തു.

ലീഗ് ഓഫ് നേഷൻസിന്റെ കീഴിൽ മാൻഡേറ്റ് എന്ന പേരിൽ ഫലസ്ത്വീൻ ഒരു ബ്രിട്ടീഷ് കോളനിയായി നിലനിർത്തി ഭരണം ജൂതന്മാർക്ക് വിട്ടുകൊടുത്തു. ഫലസ്ത്വീനികളെ തടവിലാക്കാനും വെടിവെച്ചുകൊല്ലാനും തൂക്കിക്കൊല്ലാനും അവരുടെ വീടുകൾ പൊളിക്കാനും സ്വത്തുക്കൾ പിടിച്ചെടുക്കാനും അനുവാദം നൽകുന്ന നിയമങ്ങൾ ബ്രിട്ടൻ ഉണ്ടാക്കി. ഈ നിയമങ്ങൾ ഉപയോഗിച്ച് പതിനായിരക്കണക്കിൽ ഫലസ്ത്വീനികളെ ജൂതർ കൊന്നു. അവരുടെ വീടുകൾ പൊളിച്ചു. സ്വത്തുക്കൾ പിടിച്ചെടുത്തു. രണ്ടാം ലോകയുദ്ധം തുടങ്ങിയതോടെ ലക്ഷക്കണക്കിന് ജൂതരെ ഫലസ്ത്വീനിൽ കുടിയിരുത്തി. യുദ്ധശേഷം ഫലസ്ത്വീൻ പ്രശ്നം യു.എന്നിനു വിട്ടു. അവിടെ ചർച്ച നടക്കുന്നതിനിടയിൽ തന്നെ 1948 മെയ് 14-ന് ജൂതന്മാർ ഇസ്രയേൽ എന്ന രാഷ്ട്രം സ്ഥാപിച്ചതായി പ്രഖ്യാപിച്ചു. ഉടനെത്തന്നെ അമേരിക്ക അതിനെ അംഗീകരിച്ചു. പലേടങ്ങളിലും കൂട്ടക്കൊലയിലൂടെ ഫലസ്ത്വീനികളെ നിഷ്കാസനം ചെയ്തു. ലോകത്ത് എവിടെയും ജൂത സ്ത്രീക്ക് ജനിച്ചവരെയെല്ലാം ഇസ്രയേൽ പൗരന്മാരായി അംഗീകരിച്ചു. നാട്ടുകാരായ ഫലസ്ത്വീനികൾക്ക് പൗരത്വമില്ല, രാഷ്ട്രമില്ല. നാൽപതു ലക്ഷത്തിലധികം പേർ ഫലസ്ത്വീനിലും അറുപത് ലക്ഷത്തിലധികം പേർ പല രാജ്യങ്ങളിലും അഭയാർഥികളായി. ഈ അനീതി പതിറ്റാണ്ടുകളായി അനുഭവിക്കുന്നു.

ഫലസ്ത്വീനിൽ ജൂതരെ കുടിയിരുത്തിയത് ബ്രിട്ടന് അവിടെ ഒരു കാവൽ പട്ടിയുടെ ആവശ്യം ഉണ്ടായിരുന്നതുകൊണ്ടായിരുന്നു. സൂയസ് കനാൽ കാക്കാനും എണ്ണ സമൃദ്ധമായ അറബ് രാജ്യങ്ങളുടെ മേൽ ആധിപത്യം ഉറപ്പാക്കാനും. ഇന്നും അമേരിക്കയും മറ്റും അതിനുതന്നെയാണ് ആ കാവൽ പട്ടിയെ ചെല്ലും ചെലവും കൊടുത്തു പോറ്റുന്നത്.

**അഡ്വ. സി.എം.കെ മുഹമ്മദ് കുഞ്ഞി**
**കാസർകോട്**

# ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട്

**ഇന്ത്യൻ** മുസ്‌ലിംകളുടെ ദയനീയാവസ്ഥ വരച്ചുകാണിക്കുന്നതാണ് സച്ചാർ സമിതി റിപ്പോർട്ട്. ഈ ദുരവസ്ഥയിലും അതിവിചിത്രമായ ചില നിലപാടുകളിൽ ഉറച്ചു നിൽക്കുകയാണ് മുസ്‌ലിം സംഘടനകൾ. സംഘടനാപരമായ സങ്കുചിതത്വവും പക്ഷപാതിത്വവുമാണ് കേരള മുസ്‌ലിംകളുടെ ശാപം. സംഘടനകൾ പെരുകുന്തോറും തമ്മിലടിയും വർധിച്ചു. പ്രസിദ്ധീകരണരംഗത്ത് സമുദായം ഒരു കുതിച്ചുചാട്ടംതന്നെ നടത്തിയിട്ടുണ്ടെങ്കിലും അവയുടെ വിലപ്പെട്ട പേജുകളേറെയും പരസ്പരം വിദ്വേഷം പ്രചരിപ്പിക്കാനും പലപ്പോഴും ചെളിവാരിയെറിയാനുമാണ് ഉപയോഗപ്പെടുത്തുന്നത്. മുങ്ങിച്ചാകുന്ന നേരത്തും തമ്മലടിതന്നെ!

വിദ്യാഭ്യാസകാര്യത്തിൽ അൽപം മുന്നോട്ടുപോയിട്ടുണ്ടെങ്കിലും അന്ധവിശ്വാസങ്ങളുടെയും ആൾദൈവസേവയുടെയും സിദ്ധഭക്തിയുടെയും മതത്തിന്റെ മറവിലുള്ള ചൂഷണങ്ങളുടെയും തോത് അതിനേക്കാളേറെ മുന്നോട്ടുപോയിട്ടുണ്ടെന്നു കാണാം.

നാടുനീളെ പള്ളികളുണ്ടായെങ്കിലും സമുദായത്തിന്റെ സാംസ്കാരിക ജീവിതത്തിൽ അവ അഭിമാനാർഹമായ മാറ്റമൊന്നും ഉണ്ടാക്കിയില്ല. എന്നു മാത്രമല്ല, പള്ളികൾതന്നെ സമുദായത്തിന്റെ വഴക്കിനും ചേരിതിരിവിനും കാരണമായി. ദൈവഭയം സൃഷ്ടിക്കാനുതകാത്ത ആരാധനാ മ്യൂസിയങ്ങളും മൂല്യബോധം സൃഷ്ടിക്കാനുതകാത്ത മതവിദ്യാ കേന്ദ്രങ്ങളുമുണ്ടായി. അങ്ങനെ, കെട്ടിടങ്ങളും പഠിതാക്കളും പെരുകിയെങ്കിലും മൂല്യബോധമുള്ള മനുഷ്യർ ഏറെയൊന്നും പുറത്തുവന്നില്ല.

സമുദായത്തിൽ അറിവ് വർധിച്ചെങ്കിലും അലിവു വറ്റി. ഗൗരവതരമായ വായനയും പഠനവും ചിന്തയും ഇല്ലാതായി. ഹൃദ്യമായ പുഞ്ചിരിയും ആർദ്രവികാരങ്ങളും കടങ്കഥകളായി. സംഘടനകൾ നടത്തുന്ന ഖുർആൻ പഠനകേന്ദ്രങ്ങളിൽ ആളുകൾ തടിച്ചുകൂടിയെങ്കിലും ആ പഠനം ജീവിതസംസ്കരണത്തിന് ഉതകിയില്ല.

നാട്ടിൻ പുറങ്ങളിലെ മഹല്ലുകൾ പോലും നഗരസംസ്കാരത്തിന്റെ ജീർണതകളും മാലിന്യങ്ങളും പൊങ്ങച്ചങ്ങളും പേറുകയാണ്. കൂറ്റൻ മതിലുകൾ അയൽപക്ക ബന്ധങ്ങൾക്കിടയിൽ അടിച്ചുകയറ്റിയ ആപ്പുകളായി ഉയർന്നുനിൽക്കുന്നു. സംഗീതത്തിന്റെ മധുരിമയിൽ ലയിച്ചുപോയ കാതുകൾ അയൽപക്കത്തെ ദരിദ്രന്റെ തേങ്ങലുകൾ കേൾക്കാതായി. ടി.വി സീരിയലുകളിൽ കണ്ണും മനസ്സും പുതഞ്ഞുപോയ കൊച്ചമ്മമാർക്ക്, ചുറ്റുമുള്ള ജീവിതയാഥാർഥ്യങ്ങൾ കാണാനുള്ള അകക്കണ്ണ് നഷ്ടമായി.

ചുരുക്കത്തിൽ, മുസ്‌ലിംസമുദായം 'പുരോഗമിക്കുക'തന്നെയാണ്. പക്ഷേ, അത് ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട് എന്ന രീതിയിലാണെന്നു മാത്രം.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# കാമ്പസുകളിൽ സംഭവിക്കുന്നത്....

**കേരളത്തിലെ** കാമ്പസുകളിൽ വിദ്യാർഥികളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നവരെന്ന് വാദിക്കുന്നവർ തന്നെ പെൺപിടിയന്മാരും റാഗിംഗ് വീരന്മാരുമായി പ്രത്യക്ഷപ്പെട്ടുക്കൊണ്ടിരിക്കുന്നു. അവർക്ക് മൂല്യങ്ങളും മനുഷ്യത്വവുമറിയില്ല. അവർക്കറിയാവുന്നത് മൃഗീയതയും പീഡനമുറകളും അഴിഞ്ഞാട്ടവും മാത്രമാണ്. നന്മക്കായി നിലനിൽക്കുന്ന ഇസ്‌ലാമിക

വിദ്യാർഥി പ്രസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടത് ഈ ദുശ്ശക്തികളെയാണ്.

വിദ്യാർഥികൾ തിരിച്ചറിവ് നേടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രതിഫലനമാണ് കഴിഞ്ഞ കാമ്പസ് തെരഞ്ഞെടുപ്പിൽ കണ്ടത്. മൃഗീയതയും പൈശാചികതയും അഹങ്കാരവും കൈമുതലാക്കിയവരെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയാൻ കേരളത്തിലെ പ്രബുദ്ധ വിദ്യാർഥി സമൂഹം ആർജവം കാണിക്കുകതന്നെ ചെയ്യും. നീതിയും സത്യവും മനുഷ്യത്വവും ഉയർത്തിപ്പിടിക്കുന്നവരിൽ അവർ പ്രതീക്ഷയർപ്പിക്കുകയും ചെയ്യും.

**നബ യാസിർ, നിദാൽ യാസിർ, തിരൂർ**

## ▪ ചുരുക്കെഴുത്ത്

**'അരാഷ്ട്രീയ** ഇസ്‌ലാമിനെക്കുറിച്ച ഖുർആനിക പാഠങ്ങൾ' (ടി. മുഹമ്മദ് വേളം, ലക്കം 23) ഏറെ ചിന്തനീയമായി.

തങ്ങൾക്കു മുമ്പിൽ ഉയർന്ന രാഷ്ട്രീയ ചോദ്യങ്ങളെ 'രാഷ്ട്രീയ തഖ്‌വ'യും 'രാഷ്ട്രീയ ഖുവ്വ'യും കൊണ്ട് നബി (സ)യും സ്വഹാബിമാരും സമർഥമായി നേരിടുകയും, രാഷ്ട്രീയത്തിന് ആത്മീയാടിത്തറ തീർക്കുകയും ചെയ്തു.

'മതം സമം ആരാധന' എന്ന ലളിതവത്കരണത്തിന്റെ മറവിൽ തോന്നിയതുപോലെ കർമങ്ങൾ ഉൽപാദിപ്പിക്കുന്നവരും യുവത്വത്തെ ഷണ്ഡീകരിക്കുന്നവരും സാഹചര്യം തെല്ലും പരിഗണിക്കാത്തവരും. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജോലിഭാരം വർധിപ്പിക്കുകയാണ്.

**ഹസനുൽബന്നാ**
**കുഞ്ഞിമംഗലം**

**ഡോ.** കെ.എ അബ്ദുർറഹീമിന്റെ 'ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തന പാത' എന്ന ലേഖനം ശ്രദ്ധേയമായി. 'ഇസ്‌ലാമിക വ്യവസ്ഥ' എന്ന ആശയം മതതീവ്രവാദത്തിന്റെയും ഭീകരതയുടെയും പര്യായമാണെന്ന് മുസ്‌ലിം സംഘടനകൾപോലും തെറ്റിദ്ധരിപ്പിക്കുകയും വിമർശിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ കഴിഞ്ഞ ആറര പതിറ്റാണ്ടായി ജമാഅത്തെ ഇസ്‌ലാമി ദൈവിക വ്യവസ്ഥയുടെ സംസ്ഥാപനത്തിനായി പിന്തുടർന്നു വരുന്ന പ്രവർത്തന പാതയുടെ വ്യക്തമായ ഒരു ചിത്രം വായനക്കാരന് എളുപ്പം ഗ്രഹിക്കാവുന്ന തരത്തിൽ വരച്ചുകാണിച്ചത് ഉപകാരപ്രദമായി.

**കെ.എ മമ്മുട്ടി കവിയൂർ**
**പെരിങ്ങാടി**

**ആണവ** കരാറിൽ ഇടതുപക്ഷം ചുവടുമാറ്റി ചവിട്ടിയിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ നയങ്ങളും പരിപാടികളും ഇപ്പോൾ വിപ്ലവത്തിൽനിന്നും മുതലാളിത്ത സംസ്കാരത്തിലേക്ക് വഴിമാറുകയാണ്. ഇടതുപക്ഷ പാർട്ടികൾ ഇപ്പോൾ മുതലാളിത്തത്തോട് രാജിയായിക്കൊണ്ടിരിക്കുകയാണ്. അമേരിക്കൻ പദ്ധതികളെയും വർഗീയ ആക്രമണങ്ങളെയും എതിർക്കാൻ രംഗത്തുവരികയും പ്രതിഷേധങ്ങളുമായി മുന്നിൽ നിൽക്കുകയും ചെയ്യുന്ന ഇടതുപക്ഷം ഇപ്പോൾ മുതലാളിത്തത്തിന്റെ തൊഴുത്തിൽ കയറിനിന്ന് ജനങ്ങളെ വഞ്ചിക്കുകയാണ്. ആണവ കരാർ പ്രശ്നത്തിൽ പിന്നോട്ടടിച്ചതും നന്ദിഗ്രാം സംഭവങ്ങളും ഇതാണ് സൂചിപ്പിക്കുന്നത്. മൂന്നാർ കൈയേറ്റം ഒഴിപ്പിക്കാൻ പുലിയെപോലെ ഉറച്ചുനിന്ന മുഖ്യമന്ത്രി അച്യുതാനന്ദൻ പിന്നീട് പൂച്ചയായി മാറിയതും നാം കണ്ടു.

**നേമം താജുദ്ദീൻ**
**തിരുവനന്തപുരം**

**രണ്ട്** ലക്കങ്ങളിലായി വന്ന 'ഹജ്ജ് സംശയനിവാരണം' ഹജ്ജിന് ഒരുങ്ങുന്നവർക്ക് വളരെ പ്രയോജനപ്പെടും. പണവും മറ്റു സൗകര്യങ്ങളുമുണ്ടായിട്ടും ഹജ്ജിന് ഒരുങ്ങാത്തവരെ അതിനായി പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള ലേഖനങ്ങളും പ്രതീക്ഷിക്കുന്നു.

**ടി.എൻ അബ്ദുൽ അസീസ്**
**ചേന്ദമംഗല്ലൂർ**

**'ആത്മീയത** കച്ചവടമല്ല വിമോചനമാണ്' എന്ന സോളിഡാരിറ്റി കാമ്പയിന്റെ കൂടെ ചേർത്തു വായിക്കേണ്ടതാണ് *തെളിച്ചം* മാസിക (ഡിസംബർ 2007)യിൽ സൈദ് അമീൻ കൊടുവള്ളി എഴുതിയ 'ആത്മീയതയും ഒരു മാർക്കറ്റ് ഉൽപന്നമാണ്' എന്ന ലേഖനം. ആൾ ദൈവങ്ങളെ വിലയിരുത്തിയ ശേഷം, മതകീയ ചട്ടങ്ങളിലുള്ള ആത്മീയ വ്യാപാരമായ 'സ്വലാത്ത് ഫെസ്റ്റുകളെ'യും ചോദ്യം ചെയ്യുന്നു.

മതത്തിന്റെയും ആത്മീയതയുടെയും പേരിലുള്ള ഏതൊരു തട്ടിപ്പിനും ആളെ കിട്ടുന്ന പരുവത്തിലേക്ക് സമൂഹത്തെ രൂപാന്തരപ്പെടുത്തിയതിൽ വിവേകശൂന്യരായ പണ്ഡിതന്മാരുടെ പങ്കിനെ തുറന്നു കാണിക്കുന്ന ലേഖകൻ ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തത്തെക്കുറിച്ച് പറയുന്നു: "ഒരു മുസ്‌ലിം യഥാർഥത്തിൽ ഏറ്റവും കൂടുതൽ രാഷ്ട്രീയവത്കരിക്കപ്പെട്ട വ്യക്തിയായിരിക്കേണ്ടതുണ്ട്. അവൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം മതവും രാഷ്ട്രീയവും വിഭിന്ന ധ്രുവങ്ങളിലല്ല".

**കെ.ഇ ഫസൽ ദേവതിയാൽ**

**ഡോ.** കെ.എ അബ്ദുർറഹ്മാൻ എഴുതിയ 'ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനപാത' (24.11.'07)പ്രവർത്തകർ അനിവാര്യമായും വായിച്ചിരിക്കേണ്ടതാണ്. വീണ്ടും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**അവറാൻ കുട്ടി ഹാജി**
**കാരയാട്ട്**

**കേരളത്തിലെ** കാമ്പസുകളിൽ എസ്.എഫ്.ഐയുടെ മതേതര ഭീകരത അവസാനിക്കാൻ സമയമായിരിക്കുന്നുവെന്നാണ് കാമ്പസ് തെരഞ്ഞെടുപ്പുകൾ നൽകുന്ന സൂചന. തള്ള പാർട്ടിയുടെയും പിള്ള പാർട്ടിയുടെയും മുന്നിൽ ചങ്കൂറ്റത്തോടെ മത്സരിച്ച എസ്.ഐ.ഒവിനെ വിദ്യാർഥി സമൂഹം പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്.

**കെ.കെ ശംസുദ്ദീൻ**
**ഇസ്‌ലാമിയാ കോളേജ് കുറ്റ്യാടി**

**സ്വാധീനമുള്ള** സംസ്ഥാനങ്ങളിലും കാമ്പസുകളിലും മതേതര ഭീകരതയുടെ ദുർമുഖങ്ങളാണ് മാർക്സിസ്റ്റ് പാർട്ടിയും അവരുടെ പിന്നണി സംഘടനകളും പുറത്തെടുത്തുകൊണ്ടിരിക്കുന്നത്. പുറമെ നിന്നുള്ളവരുടെ അക്രമാസക്തമായ ഇടപെടൽ കാമ്പസുകളെ കലാപ കേന്ദ്രങ്ങളാക്കി മാറ്റുന്നു.

**അലവി വീരമംഗലം**

**'സഞ്ചാരി'** എന്ന കഥയിൽ (ഡിസംബർ 1) കഥാകൃത്ത് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമായില്ല.

**ഒരു വായനക്കാരൻ**